# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2944    22/02/2016-ൽ നൽകേണ്ടിയിരുന്ന മറുപടി

### ശ്മശാനങ്ങൾ

| ചോദ്യം<br>ശ്രീ.ബാബു എം. പാലിശ്ശേരി | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും ആധുനിക സംവിധാനങ്ങളോടു കൂടിയ ശ്മശാനങ്ങൾ സ്ഥാപിക്കപ്പെടുമെന്ന 2013-14 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | എല്ലാ ജില്ലകളിലും ആധുനിക സംവിധാനങ്ങളോടു കൂടി പ്രകൃതി വാതക/എൽ.പി.ജി ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനായി 10.5 കോടി രൂപ വകയിരുത്തിയതായി 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു എന്നാൽ മേൽ തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിച്ചിട്ടില്ല. 2013-14 വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വകുപ്പിന് 550 കോടി രൂപ വകയിരുത്തിയതിൽ 350 കോടി രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ ശ്മശാന നിർമ്മാണം/നവീകരണം പദ്ധതികൾ നടപ്പിലാക്കിയിരുന്നു.<br>നഗര പ്രദേശങ്ങളിൽ 2013-14 ൽ ഇരിങ്ങാലക്കുട, മട്ടന്നൂർ നഗരസഭകളിലും 2014-15 ൽ കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി നഗരസഭകളിലും വാതക ശ്മശാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16 ൽ വിവിധ നഗരസഭകളുടെ പ്രൊപ്പോസലുകൾ പരിഗണിച്ചു വരുന്നു.<br>കേരളത്തിലെ 14 ജില്ലകളിൽ ഉൾപ്പെടുന്ന 36 ഗ്രാമപഞ്ചായത്തുകളിൽ 2013-14 വർഷത്തെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ശ്മശാന നിർമ്മാണം/നവീകരണം എന്നിവ നടത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി പ്രകാരം ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ സ്ഥാപിക്കപ്പെട്ടത് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | നഗര പ്രദേശങ്ങളിൽ 2013-14 ൽ ഇരിങ്ങാലക്കുട, മട്ടന്നൂർ നഗരസഭകളിലും 2014-15-ൽ കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി നഗരസഭകളിലും വാതക ശ്മശാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16-ൽ വിവിധ നഗരസഭകളുടെ പ്രൊപ്പോസലുകൾ പരിഗണിച്ചു വരുന്നു. |
| (സി) | ഈ പദ്ധതി നടപ്പാക്കുന്നതിന് ഓരോ വർഷവും ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിരുന്നു; അതിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കാമോ? | (സി) | ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വകുപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | വകയിരുത്തിയ തുക(ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 500 | 467 |
| 2012-13 | 500 | 75 |
| 2013-14 | 550 | 350 |
| 2014-15 | 1000 | 112 |
| 2015-16 (15.02.16 വരെ) | 1000 | 109 |

നഗരകാര്യ വകുപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നം | വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2013-14 | 50 | 40 |
| 2 | 2014-15 | 60 | 57.85 |
| 3 | 2015-16 | 1000 | -- |

സെക്ഷൻ ഓഫീസർ